"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:-DGE/13619/2026-QIP1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 15-10-2026

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം -ഹൈസ്കൂൾ ക്ലാസുകളിലെ 2026-27 അദ്ധ്യയന വർഷത്തെ അർദ്ധവാർഷിക ഐ.ടി. പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 1. 17.10.2025-ലെ DGE/11282/2025-QIP1 നമ്പർ സർക്കുലർ.

2. കൈറ്റ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെ 09.10.2026ലെ കൈറ്റ്/2026/ 1264 (21) നമ്പർ കത്ത്.

*****

ഹൈസ്കൂൾ ക്ലാസുകളിലെ 2026-27 അദ്ധ്യയന വർഷത്തെ അർദ്ധവാർഷിക ഐ.ടി. പരീക്ഷയ്ക്ക്, എസ്.സി.ഇ.ആർ.ടി.യുടെ നിർദേശത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്) വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറാണ് മുൻവർഷങ്ങളിലെപ്പോലെ ഈ വർഷവും ഉപയോഗിക്കുന്നത്. എട്ട്, ഒൻപത്, പത്ത് ക്ലാസുകളിൽ ഈ വർഷം നടത്തേണ്ട അർദ്ധവാർഷിക ഐ.ടി. പരീക്ഷ സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. അർദ്ധവാർഷിക ഐ.ടി. പരീക്ഷ 2026 ഒക്ടോബർ 16-ന് തുടങ്ങി 2026 നവംബർ 10-ന് മുമ്പ് പൂർത്തിയാക്കേണ്ടതും 8, 9, 10 ക്ലാസുകളിലെ എല്ലാ കുട്ടികളും പരീക്ഷയിൽ പങ്കെടുത്തുവെന്ന് അതത് സ്കൂൾ പ്രഥമാധ്യാപകർ ഉറപ്പാക്കേണ്ടതുമാണ്.

2. ഓരോ ക്ലാസിലും ഐ.ടി. പഠിപ്പിക്കുന്ന അധ്യാപകർ SITC/JSITCഎന്നിവരുടെ സഹായത്താൽ പ്രഥമാധ്യാപിക/പ്രഥമാധ്യാപകന്റെ നിർദേശാനുസരണം ഐ.ടി. പരീക്ഷ യഥാസമയം നടത്തിത്തീർക്കേണ്ടതും റിപ്പോർട്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും കൈറ്റിന്റെ ജില്ലാ ഓഫീസിലും ലഭ്യമാക്കേണ്ടതുമാണ്.

3. ഐ.ടി പരീക്ഷ ഗ്നൂ/ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലാണ് നടത്തേണ്ടത്. ഇതിനായി കൈറ്റ് സ്കൂളുകൾക്ക് ഔദ്യോഗികമായി വിതരണം ചെയ്ത **KITE GNU-Linux Based on Ubuntu 22.04 ഓപ്പറേറ്റിംഗ് സിസ്റ്റം** ആണ് ഉപയോഗിക്കേണ്ടത്.

4. പരീക്ഷാ സമയം ഒരു മണിക്കൂർ ആയിരിക്കും. തിയറി, പ്രാക്ടിക്കൽ ഭാഗങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ കമ്പ്യൂട്ടറിൽ തന്നെയാണ് നടത്തേണ്ടത്.

5. റോബോട്ടിക്സ് പാഠഭാഗങ്ങളിൽ നിന്നുള്ള പ്രാക്ടിക്കൽ ചോദ്യങ്ങൾ റോബോട്ടിക് കിറ്റ് ഉപയോഗപ്പെടുത്തിയാണ് ചെയ്യേണ്ടത്. അതിനാൽ <u>പരീക്ഷ നടത്തുന്ന എല്ലാ സിസ്റ്റങ്ങളിലും റോബോട്ടിക് കിറ്റുകൾ സജ്ജീകരിക്കേണ്ടതാണ്</u>.

6. പരീക്ഷാ സോഫ്റ്റ്‌വെയർ, പാസ്‌വേഡ്, പരീക്ഷാ സർക്കുലർ തുടങ്ങിയവ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ sampoorna.kite.kerala.gov.in-ലെ ഹെഡ്മാസ്റ്റർ ലോഗിനിൽ Mid Term IT Exam 2026-27എന്ന ഐക്കൺ/ലിങ്കിൽ നിന്ന് ഡൗൺലോഡ് ചെയ്ത് പരീക്ഷ നടത്തേണ്ടതാണ്.

7. പ്രഥമാധ്യാപകന്റെ സാന്നിദ്ധ്യത്തിൽ പരീക്ഷാ സോഫ്റ്റ്‌വെയർ ഡൗൺലോഡ് ചെയ്യേണ്ടതും ഒരു പെൻഡ്രൈവിൽ കോപ്പി ചെയ്തശേഷം കമ്പ്യൂട്ടറിൽ നിന്ന് അത് ഡിലീറ്റ് ചെയ്യേണ്ടതും പെൻഡ്രൈവ് പ്രഥമാധ്യാപകൻ സുരക്ഷിതമായി സൂക്ഷിക്കേണ്ടതും പരീക്ഷയ്ക്ക് ഉപയോഗിക്കേണ്ട കമ്പ്യൂട്ടറുകളിൽ ഇൻസ്റ്റാൾ ചെയ്യുന്നതിനായി എക്സാമിനർക്ക് ലഭ്യമാക്കേണ്ടതുമാണ്.

8. സ്കൂളുകൾക്ക് ലഭ്യമാക്കുന്ന പരീക്ഷാ സോഫ്റ്റ്‌വെയർ സ്കൂളിനു പുറമേ പരസ്യപ്പെടുത്തുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ട പൂർണ ഉത്തരവാദിത്തം സ്കൂൾ പ്രഥമാധ്യാപകർക്കാണ്. അതിനാൽ പരീക്ഷാ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തശേഷം സോഫ്റ്റ്‌വെയർ അടങ്ങിയ പെൻഡ്രൈവ് പ്രഥമാധ്യാപിക/ പ്രഥമാധ്യാപകൻ തിരികെ വാങ്ങി സുരക്ഷിതമായി സൂക്ഷിക്കേണ്ടതും പരീക്ഷ നടത്തുന്നതിനുള്ള പാസ്‌വേഡുകൾ രഹസ്യമായി സൂക്ഷിക്കുന്നതിന് നിർദേശം നൽകേണ്ടതുമാണ്.

9. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ജില്ലയിലെ പ്രഥമാധ്യാപകരുടെ യോഗം ചേർന്ന് ഐ.ടി. പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച് നിർദേശങ്ങൾ നൽകേണ്ടതും സമയബന്ധിതമായി പരീക്ഷ പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കേണ്ടതുമാണ് (പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച് സാങ്കേതിക സഹായം ആവശ്യമെങ്കിൽ ജില്ലയിലെ കൈറ്റ് മാസ്റ്റർ ട്രെയിനർമാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്).

10. അർദ്ധവാർഷിക ഐ.ടി. പരീക്ഷയ്ക്ക് ഉൾപ്പെടുത്തിയിട്ടുള്ള പാഠഭാഗങ്ങൾ, സ്കോറുകൾ എന്നിവ സംബന്ധിക്കുന്ന വിശദവിവരങ്ങൾ അനുബന്ധം (1) ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് എല്ലാ കുട്ടികളെയും അറിയിക്കേണ്ടതും സ്കൂൾ നോട്ടീസ് ബോർഡിൽ പതിപ്പിക്കേണ്ടതുമാണ്.

11. റോബോട്ടിക് കിറ്റ് ഉപയോഗിച്ചുള്ള പ്രായോഗിക പരീക്ഷാ പ്രവർത്തനങ്ങൾ കുട്ടി ചെയ്യുമ്പോൾ പ്രസ്തുത ചോദ്യത്തിന്റെ മൂല്യനിർണയം നടത്തിയതിന് ശേഷം മാത്രമേ റോബോട്ടിക് കിറ്റ് ലാപ്ടോപ്പ്/കമ്പ്യൂട്ടറിൽ നിന്ന് ഡിസ്കണക്ട് ചെയ്യാൻ പാടുള്ളൂ. ഇക്കാര്യം എക്സാമിനർ കുട്ടികളെ പ്രത്യേകം അറിയിക്കേണ്ടതാണ്.

12. റോബോട്ടിക് കിറ്റ് അടിസ്ഥാനമാക്കിയുള്ള പ്രായോഗിക ചോദ്യത്തിന് ഓരോ കുട്ടിയും ഉത്തരം നൽകേണ്ടതിനാൽ ഓരോ കുട്ടിയുടേയും പരീക്ഷ പൂർത്തിയാക്കി മൂല്യനിർണയം നടത്തിയതിനു ശേഷം മാത്രമേ അതേ ലാപ്ടോപ്പ്/കമ്പ്യൂട്ടറിൽ അടുത്ത കുട്ടിയുടെ പരീക്ഷ നടത്താൻ പാടുള്ളൂ. ഇക്കാര്യം എക്സാമിനർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

13. കേൾവിക്കുറവുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ (Special Schools for Hearing Impaired Students) ഐ.ടി. പരീക്ഷയ്ക്കുള്ള പ്രത്യേക സോഫ്റ്റ്‌വെയർ പ്രസ്തുത സ്കൂളുകൾ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കേണ്ടതാണ്.

14. പരീക്ഷാകേന്ദ്രത്തിലെ എല്ലാ കുട്ടികളുടെയും പരീക്ഷ പൂർത്തീകരിച്ചശേഷം പരീക്ഷയ്ക്കുപയോഗിച്ച എല്ലാ കമ്പ്യൂട്ടറുകളിൽനിന്നുമുള്ള വിവരങ്ങൾ എക്സ്പോർട്ട് ചെയ്ത് സെർവർ കമ്പ്യൂട്ടറിലേക്ക് ഇംപോർട്ട് ചെയ്യുകയും അതിലെ എക്സ്പോർട്ട്, ഫൈനൽ

എക്സ്പോർട്ട് സൗകര്യങ്ങൾ ഉപയോഗിച്ച് എക്സ്പോർട്ട് ചെയ്തെടുത്ത ഫയലുകൾ ഒരു ഫോൾഡറിലേക്ക് പകർത്തി സൂക്ഷിക്കേണ്ടതും ഇതിന്റെ ഒരു കോപ്പി പെൻഡ്രൈവിൽ എടുത്ത് സുരക്ഷിതമായി സ്കൂളിൽ സൂക്ഷിക്കേണ്ടതുമാണ്.

15. കൺസോളിഡേറ്റഡ് സ്കോർ ഷീറ്റ് തയാറാക്കി അതിന്റെ പ്രിന്റ്ഔട്ട് എടുക്കുകയും, അതിൽ എല്ലാ കുട്ടികളുടെയും വിവരങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. ഓരോ കുട്ടിക്കും നൽകിയ പ്രാക്ടിക്കൽമാർക്ക് സ്കോർഷീറ്റിൽ വന്നിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. പരീക്ഷാ സോഫ്റ്റ്‌വെയറിലെ Final Export സൗകര്യം ഉപയോഗിച്ച് എക്സ്പോർട്ട് ചെയ്തെടുക്കുന്ന csv ഫയൽ സമ്പൂർണ്ണയിൽ ക്രമീകരിച്ചിട്ടുള്ള സൗകര്യം ഉപയോഗിച്ച് 2026 നവംബർ 14ന് മുമ്പ് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി**

സ്വീകർത്താവ്:

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
2. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ മുഖാന്തിരം)
5. കൈറ്റിലെ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും

## അനുബന്ധം (1)

## 8, 9, 10 ക്ലാസുകളിലെ അർദ്ധവാർഷിക ഐ.ടി. പരീക്ഷയെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ

ഐ.ടി. പരീക്ഷയ്ക്ക് തിയറി, പ്രാക്ടിക്കൽ എന്നിങ്ങനെ രണ്ട് ഭാഗങ്ങളുണ്ട്. ഒരു സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ തിയറി-പ്രാക്ടിക്കൽ ഭാഗങ്ങൾ കമ്പ്യൂട്ടറിൽ തന്നെ ചെയ്യാൻ കഴിയുന്ന രീതിയിലാണ് പരീക്ഷ ക്രമീകരിച്ചിരിക്കുന്നത്.

**സ്കോറും മൂല്യനിർണയവും**

ഐ.ടി പരീക്ഷയ്ക്ക് 50 സ്കോറാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽ 10 സ്കോർ തിയറി ഭാഗത്തിനും 28 സ്കോർ ഐ.ടി ശേഷികൾ പരിശോധിക്കുന്ന പ്രാക്ടിക്കൽ ഭാഗത്തിനും 2 സ്കോർ ഐ.ടി. പ്രാക്ടിക്കൽ വർക്ക്ബുക്കിനും 10 സ്കോർ തുടർ മൂല്യനിർണയ പ്രവർത്തനങ്ങൾക്കുമാണ്. പ്രാക്ടിക്കൽ വർക്ക്ബുക്കും 28സ്കോറിനുള്ള പ്രാക്ടിക്കൽ ഭാഗത്തിന്റെ ഉല്പന്നങ്ങളും പരീക്ഷ നടത്തുന്ന അധ്യാപകർ തന്നെ മൂല്യനിർണയം നടത്തേണ്ടതാണ്. അധ്യാപകന്റെ മൂല്യനിർണയത്തിൽ ലഭിച്ച സ്കോറും പ്രാക്ടിക്കൽ വർക്ക്ബുക്കിന് ലഭിച്ച സ്കോറും സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും. തിയറി ഭാഗത്തിന്റെ മൂല്യനിർണയം സോഫ്റ്റ്‌വെയർ മുഖേന നടത്തുന്നതാണ്.

ഐ.ടി പരീക്ഷയുടെ സമയം സമാശ്വാസ സമയം ഉൾപ്പെടെ ഒരു മണിക്കൂർ ആണ്. റോബോട്ടിക്സ് വിഭാഗത്തിലെ പ്രാക്ടിക്കൽ ചോദ്യങ്ങൾ ചെയ്യേണ്ടത് റോബോട്ടിക് കിറ്റുകൾ ഉപയോഗപ്പെടുത്തിയാണ്. റോബോട്ടിക്സ് പ്രാക്ടിക്കൽ ചോദ്യങ്ങൾ തെരഞ്ഞെടുക്കുമ്പോൾ പ്രസ്തുത ചോദ്യത്തിൽ പരാമർശിക്കുന്ന ഉപകരണങ്ങൾ റോബോട്ടിക് കിറ്റിൽ നിന്നും കണ്ടെത്തി ക്രമീകരിക്കുന്നതിന് വേണ്ടി പരീക്ഷാ സമയം പ്രദർശിപ്പിക്കുന്ന ക്ലോക്ക് സ്റ്റോപ്പ് ആകുകയും കിറ്റ് ക്രമീകരിക്കുന്നതിന് അനുവദിക്കുന്ന സമയം (Preparation Time) 5 മിനിറ്റ് പ്രദർശിപ്പിക്കുന്ന മറ്റൊരു ക്ലോക്ക് കൂടി പ്രവർത്തിച്ചു തുടങ്ങുകയും ചെയ്യും. ഇത് 5 മിനിറ്റ് കഴിയുമ്പോൾ പ്രസ്തുത ക്ലോക്ക് സ്റ്റോപ്പ് ആകുകയും തിരികെ പരീക്ഷാ സമയം ആരംഭിക്കുകയും ചെയ്യും. Preparation Time തീരുന്നതിനു മുൻപ് ഉപകരണ ക്രമീകരണങ്ങൾ പൂർത്തിയാക്കുകയാണെങ്കിൽ കുട്ടിയ്ക്ക് Preparation Time, Skip ചെയ്ത് പരീക്ഷയിലേയ്ക്ക് പ്രവേശിക്കാം. റോബോട്ടിക്സ് ഉപകരണങ്ങളുടെ ക്രമീകരണത്തിനായി ലഭിക്കുന്ന ഈ സമയം സർക്യൂട്ടുകൾ തയ്യാറാക്കുകയോ പരീക്ഷയുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്യരുത്. ഉപകരണ ക്രമീകരണത്തിനുള്ള സമയം അവസാനിച്ചാൽ സോഫ്റ്റ്‌വെയർ പഴയതുപോലെ പ്രവർത്തിക്കുകയും ചെയ്യും.

**ഭാഗം I – തിയറി**

തിയറി ഭാഗത്തിന്റെ സ്കോർ 10 ആണ്. 10ാം ക്ലാസിൽ ആദ്യത്തെ 6 യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങളും 8, 9, ക്ലാസുകളിൽ ആദ്യത്തെ അഞ്ച് യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങളുമാണ് അർദ്ധവാർഷിക പരീക്ഷയുടെ തിയറി ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ട് വിഭാഗങ്ങളിലുള്ള ചോദ്യങ്ങളാണ് ഈ ഭാഗത്ത് ഉണ്ടാവുക. അവ ചുവടെ ചേർത്തിരിക്കുന്നു.

**വിഭാഗം 1:** തന്നിരിക്കുന്നവയിൽ നിന്നും ഏറ്റവും അനുയോജ്യമായ ഒരു ഉത്തരം തെരഞ്ഞെടുക്കുന്നതിനുള്ള ചോദ്യങ്ങളാണിവ. ഈ വിഭാഗത്തിലെ ചോദ്യങ്ങൾക്ക് 1/2 സ്കോറാണ്, 10 ചോദ്യങ്ങളുണ്ടാകും.



File No. DGE/13619/2026-QIP1 (Computer No. 1945684)
Generated from eOffice by Shameer.S, QIP1 DGE, QIP1 DGE, DIRECTORATE OF GENERAL EDUCATION on 15/10/2026 11:36 AM

**വിഭാഗം 2:** തന്നിരിക്കുന്നവയിൽ നിന്നും ഏറ്റവും അനുയോജ്യമായ രണ്ട് ഉത്തരങ്ങൾ തെരഞ്ഞടുക്കുന്നതിനുള്ള ചോദ്യങ്ങളാണിവ. ഈ വിഭാഗത്തിലെ ചോദ്യങ്ങൾക്ക് 1 സ്കോറാണ്, 5 ചോദ്യങ്ങളുണ്ടാകും.

**ഭാഗം II – പ്രാക്ടിക്കൽ**

പ്രാക്ടിക്കൽ ഭാഗത്തിന്റെ സ്കോർ 28 ആണ്. നാല് വിഭാഗങ്ങളിലായി ക്രമീകരിച്ചിരിക്കുന്ന ചോദ്യങ്ങളിൽ, ഓരോ വിഭാഗത്തിലും ലഭ്യമാകുന്ന 2 ചോദ്യങ്ങളിൽ ഒരു ചോദ്യത്തിനാണ് ഉത്തരം നൽകേണ്ടത്. 8, 9, 10 ക്ലാസുകളിലെ അർദ്ധവാർഷിക പരീക്ഷയുടെ പ്രാക്ടിക്കൽ ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്ന പാഠഭാഗങ്ങളും ഓരോ പാഠഭാഗത്തിനുമുള്ള സ്കോറും ചുവടെ ചേർത്തിരിക്കുന്നു.

<u>ക്ലാസ് - VIII</u>

| **വിഭാഗം** | **പാഠഭാഗം** | **സോഫ്റ്റ്‌വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ** | **ഉത്തരം നൽകേണ്ട ചോദ്യങ്ങൾ** | **സ്കോർ** |
|---|---|---|---|---|
| 1 | ചുമരിലെ വർണ്ണചിത്രങ്ങൾ | 2 | 1 | 7 |
| 2 | പേജ് ഡിസൈനിങ് വേഡ് പ്രോസസ്സറിൽ | 2 | 1 | 7 |
| 3 | ഡിജിറ്റൽ സംഗീതം | 2 | 1 | 7 |
| 4 | കമ്പ്യൂട്ടർ ഗെയിമുകൾ | 2 | 1 | 7 |
| പ്രാക്ടിക്കൽ വർക്ക് ബുക്ക് | | | | 2 |
| **ആകെ സ്കോർ** | | | | 30 |

<u>ക്ലാസ് - IX</u>

| **വിഭാഗം** | **പാഠഭാഗം** | **സോഫ്റ്റ്‌വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ** | **ഉത്തരം നൽകേണ്ട ചോദ്യങ്ങൾ** | **സ്കോർ** |
|---|---|---|---|---|
| 1 | പോസ്റ്റർ ചിത്രങ്ങൾ | 2 | 1 | 7 |
| 2 | സ്റ്റൈലാക്കാൻ സ്റ്റൈലുകൾ | 2 | 1 | 7 |
| 3 | സോഫ്റ്റ്‌വെയർ നിർമ്മിക്കാം | 2 | 1 | 7 |
| 4 | വിവരവിശകലനം എളുപ്പത്തിൽ | 2 | 1 | 7 |
| പ്രാക്ടിക്കൽ വർക്ക് ബുക്ക് | | | | 2 |
| **ആകെ സ്കോർ** | | | | 30 |

<u>ക്ലാസ് - X</u>

| **വിഭാഗം** | **പാഠഭാഗം** | **സോഫ്റ്റ്‌വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ** | **ഉത്തരം നൽകേണ്ട ചോദ്യങ്ങൾ** | **സ്കോർ** |
|---|---|---|---|---|
| 1 | ഡിസൈൻ ഫാക്ടറി | 2 | 1 | 7 |
| 2 | പത്രത്താളൊരുക്കാം | 2 | 1 | 7 |



File No. DGE/13619/2026-QIP1 (Computer No. 1945684)

Generated from eOffice by Shameer.S, QIP1 DGE, QIP1 DGE, DIRECTORATE OF GENERAL EDUCATION on 15/10/2026 11:36 AM

| | | | | |
|---|---|---|---|---|
| 3 | കമ്പ്യൂട്ടർഭാഷ/വെബ്പേജ് സ്റ്റൈലാക്കാം | 2 | 1 | 7 |
| 4 | റോബോട്ടുകളുടെ ലോകം | 2 | 1 | 7 |
| പ്രാക്ടിക്കൽ വർക്ക് ബുക്ക് | | | | 2 |
| **ആകെ സ്കോർ** | | | | 30 |

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി**